LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) സ്വകാര്യ ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന റൂട്ടാണിത്. ഒറ്റപ്പെട്ട സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിയാൽ ലാഭകരമാവുകയില്ല. ഒരു സർവ്വീസ് നടത്തിയിരുന്നത് ലാഭകരമല്ലാത്തതിനാൽ നിർത്തുകയാണ് ഉണ്ടായത്. ചെയിൻ സർവ്വീസായി ആരംഭിച്ചാൽ മാത്രമേ ലാഭകരമായി ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ ഇത് പരിഗണിക്കുവാൻ കഴിയില്ല.

**ഗുരുവായൂരിൽ നിന്നും പമ്പയിലേക്ക് കൂടുതൽ കെ. എസ്. ആർ. ടി. സി ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി**

177 (774) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ കെ. എസ്. ആർ. ടി. സി സ്റ്റേഷനിൽ നിന്നും എത്ര ബസ്സുകൾ പമ്പയിലേക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) വർദ്ധിച്ച തിരക്കു കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ ഡിപ്പോയിൽ നിന്നും രാത്രി 7.00 മണിക്ക് ദിവസവും ഒരു സർവ്വീസ് പമ്പയിലേയ്ക്ക് നടത്തുന്നുണ്ട്. ഈ സർവ്വീസിന് ഓൺലൈൻ ഉൾപ്പെടെയുള്ള റിസർവ്വേഷൻ സൗകര്യം ലഭ്യമാക്കിയിട്ടും മതിയായ യാത്രക്കാരെ കിട്ടുന്നില്ല. പുറമേ രാത്രി 10.00 മണിക്ക് ഒരു സർവ്വീസ് കൂടി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീർത്ഥാടകരെ കിട്ടാത്തതിനാൽ ഈ സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും തിരക്ക് വർദ്ധിച്ചാൽ ആവശ്യമായ സർവ്വീസുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ഡിപ്പോയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**മാള ഡിപ്പോയിൽ നിന്നുമുള്ള ഷെഡ്യൂളുകൾ**

178 (775) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ. എസ്. ആർ. ടി. സി-യുടെ മാള ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നുവെന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ ;